കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 20.03.2024 മുതൽ 24.03.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 12/2024 (23) ചൊവ്വാഴ്ച | തീയ്യതി 19/03/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 20.03.2024 | 21.03. 2024 | 22.03.2024 | 23.03. 2024 | 24.03.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.2 | 0.2 | 0.8 | 1 | 0.2 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 27 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 79 | 79 | 79 | 79 | 79 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 67 | 67 | 67 | 67 | 67 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 3 | 3 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 230 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 2 | 1 | 8 | 7 | 2 |

കാലാവസ്ഥാ അറിയിപ്പ്: എറണാകുളം ജില്ലയിൽ 19.03.2024 മുതൽ 21.03.2024 വരെ കൂടിയ താപനില ഏകദേശം 36 ℃ ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവാചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.
കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ:** വേനൽച്ചൂടിൽനിന്നും മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പുഞ്ച) അടിക്കണ പരുവം | - | നെല്ലിനെ കുമിൾ രോഗങ്ങളിൽ നിന്നും പൊതുവായി സംരക്ഷിച്ച് പ്രതിരോധ ശേഷി കൂട്ടാൻ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| തെങ്ങ് | - | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ, തെങ്ങുകൾക്ക് ആവശ്യത്തിന് ജലസേചനം നൽകുക. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്. ശക്തമായ ചൂടിൽ നിന്നും തെങ്ങിനെ സംരക്ഷിക്കുന്നതിനായി തടിയുടെ താഴത്തെ ഭാഗത്ത് കുമ്മായം പൂശിക്കൊടുക്കുന്നത് നല്ലതാണ്. |
| കുരുമുളക് | - | കുരുമുളക് കൊടികൾക്ക് ആഴ്ച്ചയിൽ ഒരു ദിവസം ജലസേചനം നൽകാവുന്നതാണ്. കൊടിക്കു ചുറ്റും ഒന്നര മീറ്റർ വ്യാസത്തിൽ എടുത്ത തടങ്ങളിലാണ് വെള്ളം നിർത്തേണ്ടത്. ഉണങ്ങിയ ഇലകളോ മറ്റോ ഉപയോഗിച്ച് തടത്തിൽ പുതയിടുന്നതും നല്ലതാണ് . |

മൃഗസംരക്ഷണം -: പശുവിന്റെ വയറ്റിൽ ഉണ്ടാകുന്ന അമ്ലതയും ദഹനക്കേടും ഒരു വേനൽക്കാല പ്രശ്നം ആയതിനാൽ, അത് ഒഴിവാക്കാനായി 30 ഗ്രാം സോഡാപൊടിയും ഒരു ടീസ്പൂൺ യീസ്റ്റ് കുതിർത്തതും പശു തീറ്റയിൽ ചേർത്ത് നൽകുക. (CAADECCS, KVASU, Mannuthy).